## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2577          17.06.2019 ലെ മറുപടിയ്ക്ക്

### <u>പട്ടികജാതി പട്ടികവർഗ്ഗ ചികിൽസ ധനസഹായ വിതരണം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| | പട്ടികജാതി പട്ടികവർഗ്ഗ ചികിൽസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് ടി.ഗ്രാന്റ്സ് വഴി നൽകുന്ന ചികിൽസ ധനസഹായ അപേക്ഷകളിൽ രോഗിക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പട്ടികജാതി വിഭാഗത്തിൽ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല<br>ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം സമയബന്ധിതമായി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമായ ടി-ഗ്രാന്റ്സ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | ഓൺലൈൻ പോർട്ടൽ വഴി അപേക്ഷിക്കുന്നവർക്ക് ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടുന്നതായ പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ധനസഹായം സംബന്ധിച്ച് എം.എൽ.എ.മാർക്ക് അറിയിപ്പ് നൽകാറുണ്ടോ എന്നറിയി | | ഓൺലൈൻ വഴി അപേക്ഷിക്കുന്ന വർക്ക് ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടാറില്ല. ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടുന്നതായ പരാതികൾ ലഭ്യമായിട്ടില്ല. പരാതികൾ ലഭ്യമാകുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഓൺലൈൻ വഴി |

| | | | |
|---|---|---|---|
| | ക്കാമോ; | | ധനസഹായം അനുവദിക്കുന്നുവെന്ന തിനാൽ ധനസഹായം സംബന്ധിച്ച് എം.എൽ.എമാർക്ക് അറിയിപ്പ് നൽകാറില്ല. ടി-ഗ്രാന്റ്സ് സൈറ്റിൽ അപേക്ഷ നമ്പർ നൽകിയാൽ അപേക്ഷാ സ്ഥിതി അറിയുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. |
| സി) | കടുത്തുരുത്തി മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ ചികിൽസ ധനസഹായ അപേക്ഷകൾ ബഹു.മന്ത്രിയുടെ ഓഫീസിലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലും തീരുമാനമാകാതെ കിടക്കുന്നുണ്ട്; അവ എന്നേക്ക് തീർപ്പ കൽപ്പിക്കും എന്നറിയിക്കാമോ; | | പരിശോധിച്ചുവരികയാണ്. |
| ഡി) | പാസ്സായ അപേക്ഷകളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകുന്നുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | | പട്ടികജാതി ഗുണഭോക്താക്കൾക്ക് എസ്.എം.എസ് വഴി വിവരം നൽകുകയും കൂടാതെ ടി-ഗ്രാന്റ്സ് സൈറ്റിൽ അപേക്ഷ നമ്പർ നൽകിയാൽ അപേക്ഷാ സ്ഥിതി അറിയാൻ സാധിക്കും.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ പാസ്സായ അപേക്ഷകളെക്കുറിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ മുഖേന ഗുണഭോക്താക്കളെ നേരിട്ട് അറിയിക്കാറുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ടി. ഗ്രാന്റ്സ് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അപേക്ഷയുടെ ഒറിജിനൽ ബ്ലോക്ക് ഓഫീസിൽ എത്തിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കുമോ? | | പട്ടികജാതി വകുപ്പിന്റെ ടി-ഗ്രാന്റ്സ് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയില്ല. നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് ഒറിജിനൽ അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല.<br>ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം സമയബന്ധിതമായി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമായ ടി-ഗ്രാന്റ്സ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**